# 13-ാം കേരള നിയമസഭ

## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 531**

**07.01.2014 ലെ മറുപടിക്ക്**

**<u>2013 ഏപ്രില്‍ 1 ന് ശേഷം സര്‍ക്കാര്‍ സര്‍വ്വീസില്‍ പ്രവേശിച്ചവരുടെ പെന്‍ഷന്‍</u>**

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണന്‍ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ബഹു. ധനകാര്യവും നിയമവും ഭവന നിര്‍മ്മാണവുംവകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് 2013 ഏപ്രില്‍ ഒന്നിന് ശേഷം എത്രപേര്‍ സര്‍ക്കാര്‍ സര്‍വ്വീസില്‍ പ്രവേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | 2013 ഏപ്രില്‍ ഒന്നിനുശേഷം സംസ്ഥാനത്ത് ഏകദേശ പതിനായിരം ജീവനക്കാര്‍ സര്‍വ്വീസില്‍ പ്രവേശിച്ചിട്ടുണ്ട്. |
| (ബി) സര്‍ക്കാര്‍ നടപ്പിലാക്കിയ പുതിയ പെന്‍ഷന്‍ സ്കീം പ്രകാരം പ്രസ്തുത ജീവനക്കാരുടെ ശമ്പളത്തില്‍ നിന്ന് പങ്കാളിത്ത പെന്‍ഷന്‍ പദ്ധതിയിലേയ്ക്ക് വിഹിതം പിടിച്ചിട്ടുണ്ടോ ; | ദേശീയ പെന്‍ഷന്‍ പദ്ധതിയില്‍ ഉള്‍പ്പെടുന്ന ജീവനക്കാരുടെ ശമ്പളത്തില്‍ നിന്നും പെന്‍ഷന്‍ വിഹിതം കുറവ് ചെയ്യുന്നതിനും തത്തുല്യ സര്‍ക്കാര്‍ വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനുമുള്ള നടപടിക്രമങ്ങള്‍ പൂര്‍ത്തിയായാല്‍ മാത്രമേ നിക്ഷേപം ആരംഭിയ്ക്കുകയുള്ളൂ. ഇതിനുള്ള നടപടികള്‍ സ്വീകരിച്ചു വരികയാണ്. |
| (സി) ജീവനക്കാരുടെ വിഹിതത്തോടൊപ്പം സര്‍ക്കാര്‍ വിഹിതവും ചേര്‍ത്ത് എവിടെയാണ് തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | |
| (ഡി) ജീവനക്കാരുടെ പണിമുടക്ക് അവസാനിപ്പിച്ചുകൊണ്ടുള്ള ഒത്തുതീര്‍പ്പ് വ്യവസ്ഥ പ്രകാരം സംസ്ഥാന ട്രഷറിയില്‍ പ്രസ്തുത തുക നിക്ഷേപിച്ചിട്ടുണ്ടോ ; | ദേശീയ പെന്‍ഷന്‍ പദ്ധതിയിലെ സര്‍ക്കാര്‍ സെക്യൂരിറ്റി വിഭാഗത്തില്‍ സംസ്ഥാന ട്രഷറി നിക്ഷേപങ്ങള്‍ കൂടി ഉള്‍പ്പെടുത്തുന്ന കാര്യം സര്‍ക്കാര്‍ പരിശോധിച്ചു വരികയാണ്. |
| (ഇ) ഇല്ലെങ്കില്‍ അതിനുള്ള കാരണങ്ങള്‍ വ്യക്തമാക്കാമോ ; | |

| | |
|---|---|
| (എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്ക് ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും നിക്ഷേപിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | മുൻ (ബി) (സി) എന്നിവയിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ